**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 779** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകളിൽ സംവരണം ചെയ്യപ്പെട്ട നൂറു കണക്കിന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ സമയബന്ധിതമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി വകുപ്പു തലവൻമാരിൽ നിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിക്കാറുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ലഭിച്ചാൽ ആയതു പ്രത്യേകം പരിശോധിച്ചു വരുന്നു. |
| (ബി) | വിവിധ വകുപ്പുകളിലെ ഒഴിവുകൾ കണ്ടെത്താനുള്ള സെക്രട്ടേറിയററിലെ പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഒഴിവുകൾ കണ്ടെത്തുന്നത് സെക്രട്ടേറിയറ്റിലെ ഏത് സെക്ഷനിലാണ്; 2016 ജനുവരി മുതൽ 2020 നവംബർ 30 വരെ കണ്ടെത്തിയ ഒഴിവുകൾ എത്ര; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു; | (ബി) | സർക്കാർ വകുപ്പുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം പരിശോധിച്ച് ഒഴിവുകൾ കണ്ടെത്തുന്നത് പൊതുഭരണ ( എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പാണ്. 2016 ജനുവരി മുതൽ 2020 നവംബർ 30 വരെ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 1689 ഒഴിവുകളും പട്ടിക വർഗ വിഭാഗത്തിനായി 1268 ഒഴിവുകളും പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 2020 നവംബർ 30 കണക്ക് അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എത്ര തസ്തികകൾ ആണ് ഒഴിവുള്ളത്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | 2020സെപ്തംബർ അടിസ്ഥാനമാക്കിയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച ത്രൈമാസ പുരോഗതി റിപ്പോർട്ട് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 871 ഒഴിവുകളും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി 979 ഒഴിവുകളും നികത്താനായി ബാക്കിയുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ